# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 31-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 3947

### ഇൻകലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി ശിവൻകുട്ടി<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ഡോ. കെ.ടി.ജലീൽ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഇൻകലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കേരള ഗവൺമെന്റ് രൂപീകരിച്ച സംരംഭമാണ് ഇൻകെൽ. ഇതിൽ ഇപ്പോൾ 32% ഓഹരി കേരള ഗവൺമെന്റിന്റേയും, ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനികളുടെയും പേരിലാണ്. ബാക്കി ഓഹരികൾ വിദേശ മലയാളി നിക്ഷേപകരുടെയും, ചെറുകിട നിക്ഷപകരുടെയും ഉടമസ്ഥതയിലാണ്. ഇൻകെലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വർഷത്തിൽ നാല് പ്രാവശ്യമെങ്കിലും ഡയറക്ടർ ബോർഡ് യോഗം ചേരാറുണ്ട്. ഇതുകൂടാതെ വർഷത്തിൽ ഒരു പ്രാവശ്യം ഓഹരി ഉടമകളുടെ യോഗവും (AGM) നടത്താറുണ്ട്. |
| (ബി) ഇൻകലിന് യാതൊരു കാരണവശാലും സർക്കാർ ഭൂമി കൈമാററുതെന്ന് റവന്യൂവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വ്യവസായവകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇൻകലിന് യാതൊരു കാരണവശാലും സർക്കാർ ഭൂമി കൈമാററുതെന്ന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) തിരുവനന്തപുരത്തെ കണ്ണിമാറ മാർക്കറ്റും അതിനോടനുബന്ധിച്ചുള്ള നാലര ഏക്കർ സ്ഥലവും ഇൻകലിന് കൈമാറാനുള്ള ഉദ്ദേശത്തെപ്പറ്റി ബന്ധപ്പെട്ട മന്ത്രിമാരും ഇൻകൽ മേധാവികളുമായി എന്തെങ്കിലും ചർച്ച നടന്നിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) 2012-2013 കാലങ്ങളിൽ ചർച്ചകൾ നടന്നിട്ടുണ്ട്. ഇതുവരെയും തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ